# പതിനാലാം കേരള നിയമസഭ
# (പതിനഞ്ചാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:4642** 25.06.2019-ൽ മറുപടിയ്ക്ക്

## വയനാട് ജില്ലയിൽ മത്സ്യകൃഷി

| ചോദ്യം<br>ശ്രീ.സി. കെ. ശശീന്ദ്രൻ | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) വയനാട് ജില്ലയിൽ മത്സ്യകൃഷി വ്യാപിപ്പിക്കുന്നതിന് പ്രത്യേക പദ്ധതി കൾക്ക് രൂപം നൽകുന്നുണ്ടോ; വിശദമാക്കാമോ ? | എ) ശാസ്ത്രീയ മത്സ്യകൃഷി പദ്ധതി അവലംബിക്കുക വഴി ഉൾനാടൻ മത്സ്യമേഖലയിൽ ഉണ്ടായിട്ടുള്ള വിപ്ലവകരമായ പുരോഗതി മുൻനിർത്തി 2019-20 സാമ്പത്തികവർഷം വയനാട് ജില്ലയിൽ ഉൾനാടൻ മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിനായി ജനകീയ മത്സ്യകൃഷി പദ്ധതി മുഖേന വിവിധ ഘടക പദ്ധതികൾ നടപ്പിലാക്കുന്നതിനായി 93.35 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 1.3 ഹെക്ടർ നൈൽതിലാപ്പിയ ഫാമിംഗിനും 4.38 ഹെക്ടർ പംഗേഷ്യസ് ഫാമിംഗിനും 2.96 ഹെക്ടർ സെമി ഇന്റൻസീവ് കാർപ്പ് ഫാമിംഗിനും 55 ഹെക്ടർ എക്സ്റ്റൻസീവ് കാർപ്പ് ഫാമിംഗിനും 1.4 ഹെക്ടർ സ്റ്റാൻഡഡ് കാർപ്പിന്റെ റെയറിംഗ് യൂണിറ്റുകൾ ആരംഭിക്കുന്നതിനും 4 യൂണിറ്റ് പുനചംക്രമണ മത്സ്യകൃഷി (RAS), 16 യൂണിറ്റ് ശുദ്ധജലങ്ങളിലെ കൂട് കൃഷി, 3 യൂണിറ്റ് കൃത്രിമ കുളങ്ങളിലെ മത്സ്യകൃഷി എന്നിങ്ങനെയാണ് ഈ സാമ്പത്തികവർഷം ജില്ലയിൽ മത്സ്യകൃഷി വ്യാപിപ്പിക്കുന്നതിനായി നടപ്പിലാക്കുന്ന പദ്ധതികൾ.<br>കൂടാതെ ഉൾനാടൻ മത്സ്യകൃഷി വികസനം ലക്ഷ്യമാക്കി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിരവധി സംസ്ഥാനാവിഷ്കൃതവും കേന്ദ്രാവിഷ്കൃതവുമായ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ജനകീയ മത്സ്യകൃഷി, ' ബ്ലൂറെവല്യൂഷൻ തുടങ്ങിയ പദ്ധതികളാണ് ഉൾനാടൻ മത്സ്യകൃഷി വികസനത്തിനായി നടപ്പിലാക്കുന്നത്. ജില്ലയിൽ ഈ പദ്ധതികൾ മുഖേന ശാസ്ത്രീയസമ്മിശ്ര കാർപ്പ് കൃഷി, ചെറിയതും വലിയതുമായ കുളങ്ങളിലെ മത്സ്യകൃഷി, കുളങ്ങളിലെ ഗിഫ്റ്റ് കൃഷി, പുനചംക്രമണ മത്സ്യകൃഷി, ആസ്സാംവാള കൃഷി, പട്ടുതാകുളങ്ങളിലെ കരിമീൻ |

കൃഷി, ശുദ്ധജല കൂട്ടകൃഷി എന്നിവ നടപ്പിലാക്കി. ജില്ലയിൽ 4,500-ൽ പരം മത്സ്യകർഷകർ ഈ പദ്ധതിയുടെ ഗുണഭോക്താക്കളാണ്.

മത്സ്യവിപണന രംഗത്ത് മത്സ്യകർഷകർക്ക് കൈതാങ്ങായി ജനകീയ മത്സ്യകൃഷി 2018-19 പദ്ധതി പ്രകാരം ജില്ലയ്ക്ക് ലൈവ്ഫിഷ് മാർക്കറ്റ് നടപ്പിലാക്കി.

വയനാട് ജില്ലയിലെ മത്സ്യകർഷർ ഏറെകാലമായി അനുഭവിച്ചുവരുന്ന ഒരു പ്രയാസമാണ് ഗുണമേന്മയുള്ള മത്സ്യകുഞ്ഞുങ്ങളുടെ ലഭ്യത. ആയതിനുള്ള ഒരു ശാശ്വത പരിഹാരമായി ഈ സർക്കാർ നിലവിൽ വന്നതിനുശേഷം വയനാട് ജില്ലയിൽ മത്സ്യകർഷകർക്ക് ഗുണമേന്മയുള്ള മത്സ്യവിത്ത് ലഭ്യമാക്കുന്നതിനുവേണ്ടി 2 ഹാച്ചറികൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ആയതിൽ തളിപ്പുഴ ഹാച്ചറി നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ച് കർഷകർക്ക് മത്സ്യവിത്തുകൾ വളരെ മികച്ച രീതിയിൽ വിതരണം നടത്തിവരുന്നു. കാരാപ്പുഴ ഹാച്ചറിയുടെ നിർമ്മാണ പ്രവൃത്തി അന്തിമഘട്ടത്തിൽ ആണ്.

**സെക്ഷൻ ആഫീസർ**